

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ(FIB FARM NEWS): 20-08-2021

1. ഫാം ഇൻഫർമേഷൻ ബ്യൂറോഡിജിറ്റൽ വീഡിയോ മത്സരം 2021 അമച്വർവിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫിമത്സരം, കാർഷികലേഖന രചനാ മത്സരം, കാർഷിക ചെറുകഥരചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ്ഡിസ്ക്, പെൻഡ്രൈവ് എന്നിവവഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30**. കൂടുതൽ വിവരങ്ങൾക്ക്**0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. വെറ്ററിനറി സേവനം ലഭ്യമാക്കാൻ വെറ്ററിനറി സർവ്വകലാശാലയുടെ 'കാഫ്' ഇലേക്ക് കർഷകർക്ക് വിളിക്കാം. വെറ്ററിനറി ഡോക്ടർമാരുടെ സേവനം തടസമില്ലാതെ കർഷകർക്ക് ഉറപ്പു വരുത്താൻ വേണ്ടിയാണ് കാഫ്കോൾസെന്റർ. എല്ലാദിവസവും രാവിലെ 9 മുതൽ 12 വരെയും, ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെയും 9447030801 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഞായറാഴ്ചയുംസേവനം ലഭ്യമാകും.

3. വേങ്ങേരിയിലുള്ള കാർഷികവിജ്ഞാന വിപണന കേന്ദ്രത്തിൽ നിന്നും വേര്മീലിമൂട്ട, നിമാവിരകൾ എന്നിവയ്ക്ക് എതിരെയുള്ള പോച്ചോണിയ, പെസീലിയോമൈസസ്, ജൈവ പൊട്ടാഷ്വളമായ ബയോപൊട്ടാഷ്, ചെടികളുടെ വേരുകളെ ശക്തിപ്പെടുത്തുന്ന വാം അഥവാ മൈക്കോറൈസ രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ചു സസ്യങ്ങളുടെ വളർച്ച കൂട്ടുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, പുഴുക്കൾ, വാഴയുടെ പിണ്ടിപ്പുഴു എന്നിവക്ക് എതിരെയുള്ള ബ്യൂവേറിയ, പച്ചക്കറിക്കുള്ള മൈക്രോന്യൂട്രിയന്റ് മിക്സ് സമ്പൂർണ, പച്ചക്കറിവിത്തുകളായ ചീര,വെണ്ട, പാവൽ, പടവലം, മത്തൻ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വള്ളിപ്പയർ, വഴുതന, പീച്ചിൽ, വെർമി കമ്പോസ്റ്റ്, മാവിനും പച്ചക്കറികൾക്കും ഉള്ള കായീച്ചകെണി, നീരൂറ്റിക്കുടിക്കുന്ന പ്രാണികൾക്ക് എതിരെയുള്ള ജൈവകീടനാശിനി രക്ഷ തുടങ്ങിയ ജൈവരോഗകീട നിയന്ത്രണോപാദികളും, ജീവാണുവളങ്ങളും ലഭ്യമാണ്.

4. **ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധമായ പാൽ ഉറപ്പാക്കുക** എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പിന്റെ ഓണക്കാല ഊർജ്ജിത പാൽ പരിശോധനാ സംവിധാനവും ഇൻഫർമേഷൻ സെന്ററും ക്ഷീരവികസന വകുപ്പിന്റെ പട്ടത്ത് പ്രവർത്തിക്കുന്ന ജില്ലാമിൽക്ക് ക്വാളിറ്റി കൺട്രോൾ ലാബിൽ പ്രവർത്തനം ആരംഭിച്ചു. ഇന്നുവരെ (ആഗസ്റ്റ് 20) പാൽ പരിശോധന സംവിധാനം ഉണ്ടായിരിക്കും. ഇതോടൊപ്പം കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്നതും പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്നതുമായ പാൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം ലാബിൽ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരവികസന വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസുമായോ **0471-2440217** എന്ന നമ്പരിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കേരളകാർഷിക സർവകലാശാല മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 24-ന് ഹൈ-ടെക്ക് പച്ചക്കറികൃഷി പ്രിസിഷൻ ഫാമിംഗ്, 25-ന് ഹൈ-ടെക്ക് പച്ചക്കറിതൈ ഉൽപാദനവും ഗ്രാഫ്റ്റിംഗും, 26-ന് പോളിഹൗസിലെ പച്ചക്കറികൃഷി, 27-ന് മഴമറയിലെ പച്ചക്കറികൃഷി എന്നീ വിഷയങ്ങളിൽ ഉച്ചക്ക് 2 മണിമുതൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. https://forms.gle/nW6TwVR6Sx7TEdyA7എന്ന ലിങ്കിലൂടെ പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8111844463** എന്ന വാട്ട്സാപ്പ് നമ്പരിൽ ബന്ധപ്പെടുക.

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25,26 തീയതികളിൽ **മുട്ടക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **0471 – 2732918, 9188522701.**

7. ഹോർട്ടികോർപ്പ് ഈ മാസം മുപ്പത്തി ഒന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ നിന്നും ഈ മാസം 25-ന് **പശുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരും വാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർറബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ആഗസ്റ്റ് 24,25 തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക്**04812353127**എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരു